16
ജൂൺ 2023
വെള്ളി
Pages - 5

# ക്രിസ്ത്യൻലൈവ് ദിനപത്രം

Vol 2, Issue. 134

on the battlefield for the Great commission

503

# ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കണം: കെപിസിസി



"പെന്തക്കോസ്ത് സഭാ നേതാക്കളുടെ ഇടപെടലിനെ തുടർന്ന് സുധാകരൻ പ്രധാനമന്ത്രിക്ക് കത്തയച്ചു

വാർത്ത തുടർന്ന് വായിക്കുവാൻ പേജ് 04 കാണുക




# ലോകത്ത് സമാധാനത്തിന് ആഹ്വാനം ചെയ്ത് ഫ്രാൻസിസ് മാർപാപ്പ

പേജ് 03

*Editorial*

**ക്രിസ്ത്യൻ ലൈവ് ദിനപത്രം**

**2023 വെള്ളി 16 ബുധൻ**



# ശരിയല്ലാത്ത സിസ്റ്റം

'നിലവിലുള്ള നമ്മുടെ സിസ്റ്റം ശരിയല്ല. എൽ.ഡി.എഫ്. ഭരിച്ചാലും യു.ഡി.എഫ്. ഭരിച്ചാലും ഈ നാടു നന്നായില്ല. അതിനു കാരണം നിലവിലുള്ള നമ്മുടെ സിസ്റ്റം ആണ്.' സൗദി അറേബ്യയിലെ കൊട്ടാരക്കര പ്രവാസി അസോസിയേഷന്റെ മൂന്നാം വാർഷികത്തിൽ പ്രസംഗിക്കവേ മുൻമന്ത്രിയും എം.എൽ.എ.യുമായ കെ. ബി. ഗണേഷ് കുമാർ പറഞ്ഞ പ്രസ്താവനയാണിത്. അദ്ദേഹത്തിന്റെ പ്രസംഗം 2023 മെയ് 17ന് സോഷ്യൽ മീഡിയ പ്രസിദ്ധീകരിച്ചു.

വളരെ ചിന്തനീയമായ ഒരു പ്രസ്താവനയാണ് അദ്ദേഹം നടത്തിയത്. എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും എന്നതായിരുന്നു പിണറായി സർക്കാരിന്റെ പ്രകടനപത്രികയിലെ താക്കോൽ വാക്ക്. ശരിയാക്കേണ്ട ഒത്തിരി കാര്യങ്ങൾ ഉണ്ട് എന്നു തന്നെയായിരുന്നു അതിന്റെ അർത്ഥം. പക്ഷേ, ആ ഗവൺമെന്റിന്റെ ഭാഗമായ ഒരു ജനപ്രതിനിധി പറയുന്ന സിസ്റ്റം ശരിയല്ല. എന്നു പറഞ്ഞാൽ ഒന്നും ശരിയായില്ല എന്നു തന്നെ. സെക്രട്ടറിയേറ്റിന്റെ ഇടനാഴിയിലെ ദല്ലാളപ്പണി ഒഴിവാക്കുമെന്നു പിണറായി വിജയൻ തന്റെ ഒന്നാം വാഴ്ചാകാലത്തിന്റെ ആരംഭത്തിൽ പറഞ്ഞു. പക്ഷേ, അതു വെറും ദിവാസ്വപ്നം മാത്രമായിരുന്നു എന്നതിനു ചരിത്രം സാക്ഷി. ഉമ്മൻചാണ്ടിക്കും അദ്ദേഹത്തിന്റെ സർക്കാരിനും എതിരെ ഒരു സ്ത്രീയെ മുൻനിർത്തി ജയിച്ചു. എന്നാൽ അവർ മറ്റൊരു സ്ത്രീ നിമിത്തം നട്ടംതിരിയുകയാണ്. മുൻ പ്രധാനമന്ത്രി ആയിരുന്ന പി. വി. നരസിംഹറാവു രചിച്ച 'ദ ഇൻസൈഡർ' വായിച്ചിരിക്കേണ്ടതാണ്. അധികാരദല്ലാളന്മാർ, പെൺകെണി, രാഷ്ട്രീയ കുതിരക്കച്ചവടം, ഒക്കെ അതിൽ നന്നായി വിവരിച്ചിട്ടുണ്ട്. ഈ സിസ്റ്റം ശരിയല്ലെന്നു ആ ഗ്രന്ഥം വായിക്കുന്ന ഏതൊരു വ്യക്തിയും സ്വയം പറയും. ഒരു സാധാരണ അപകടമരണം രാഷ്ട്രീയ മുതലെടുപ്പിനു ഉതകും എന്നു കണ്ടാൽ പ്രത്യേകിച്ചു മരിച്ചതു സ്ത്രീയായാൽ കുത്സിതമാർഗ്ഗത്തിലൂടെ ഇതിവൃത്തം ചമയ്ക്കുന്നതു വെറും ഫിക്ഷൻ അല്ല നമ്മുടെ ശരിയല്ലാത്ത ഈ സിസ്റ്റത്തിൽ അരങ്ങേറിയിട്ടുള്ളതാണ്.

ജനാധിപത്യമാണ് ഏറ്റവും നല്ല ഭരണക്രമം എന്നാണു ഇന്നത്തെ വയ്പ്. നാസി ജർമ്മനിയേയും, ഓട്ടോമൻ സാമ്രാജ്യത്തെയും അർമേനിയൻ കൂട്ടക്കൊലയും, കമ്മ്യൂണിസ്റ്റ് റഷ്യ, മുൻ ചെക്കോസ്ലോവാക്യ, ചൈന, ഉത്തരകൊറിയ ഒക്കെ അതിനുദാഹരണമായി നിരത്താറുണ്ട്. എന്നാൽ ഓർക്കുക ജനാധിപത്യം ദുഷിച്ചാൽ അതു ഏകാധിപത്യത്തേക്കാൾ ദുർഗന്ധപൂരിതം ആയിരിക്കും. ഏകാധിപത്യത്തിൽ ജനം ഒരുവനെ സഹിച്ചാൽ മതി. ജനാധിപത്യത്തിൽ ഏകാധിപത്യം വന്നാൽ അതു ഏകാധിപത്യ അപകടത്തേക്കാൾ അപകടകരം ആയിരിക്കും. ഈർക്കിൽ പാർട്ടിയുടെ ദശാധിപന്മാരെ വരെ ചുമക്കേണ്ടി വരും. പാർട്ടി പെരുകുന്തോറും അഴിമതി കൂടുന്നു എന്നതു തെളിയിക്കപ്പെട്ട സത്യമാണല്ലോ. കൂലി കൊതിച്ചു ന്യായം മറിച്ചുകളയുന്ന ന്യായാധിപൻ സൃഷ്ടിക്കുന്നത് അരാജകത്വമാണ്. അഴിമതി, കൈക്കൂലി, സ്വജനപക്ഷപാതം, രാഷ്ട്രീയ കൊലപാതകം, കാലുവാരൽ, കരിങ്കാലിപ്പണി ഒക്കെ ജനാധിപത്യത്തിനു മേമ്പൊടിയായി വരുന്നുണ്ടല്ലോ. ഈ സിസ്റ്റം ശരിയല്ലെന്നു നമുക്കറിയാം.

ശരിയല്ലാത്ത ഈ സിസ്റ്റത്തെയാണു 'ഈ ലോകത്തിന് കാലഗതി' എന്നു ബൈബിൾ വിശേഷിപ്പിച്ചിരിക്കുന്നത് (എഫേ: 2:2). സാത്താന്റെ ആധിപത്യവും പാപത്തിന്റെ വാഴ്ചയും ചേർന്നു മനുഷ്യനെ കീഴ്പ്പെടുത്തിയ ശരിയല്ലാത്ത സിസ്റ്റം. പക്ഷേ അതു ഗ്രഹിക്കുവാൻ ഈ ലോകത്തിന്റെ ഭരണാധികാരികൾക്കു കഴിയുന്നില്ലല്ലോ. അവർ ഈ ലോകത്തിന്റെ പ്രഭുവിന്റെ ദാസന്മാരാണല്ലോ.

ഈ സിസ്റ്റത്തിന് ഒരു മാറ്റം വരുമോ? വരേണ്ടേ? ലോകം ഉറ്റുനോക്കുന്നു. അതേ ഈ സിസ്റ്റത്തിനു മാറ്റം വരുത്തുവാൻ കഴിയുന്ന ഒരു ഭരണാധികാരി വരും എന്നു ബൈബിൾ പറയുന്നു. ധന്യാനായ ഏകാധിപതി എന്നാണു അവന്റെ സ്ഥാനപ്പേര് (1 തിമൊ: 6:15). അവൻ വരും നിശ്ചയം. വന്നാൽ ലോകത്തിലെ ഇന്നത്തെ എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും നീക്കം വരുത്തി അവൻ ഭരണം സ്ഥാപിക്കും. അതു വിപണിയിൽ സമഗ്രാധിപത്യമുള്ള 'തിയോക്രാറ്റിക് മൊണാർക്കി' ആയിരിക്കും. അന്ന് ഈ സിസ്റ്റത്തിന് മാറ്റം വരും. എല്ലാം ശരിയാകും. ലോകം ആ വഴിയിലേക്കാണു നീങ്ങിക്കൊണ്ടിരിക്കുന്നത്.



**പാസ്റ്റർ സണ്ണി പി സാമുവൽ**
**റാസ് അൽ ഖൈമ**

Editorial board

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout & Design:Shaji Vazhoor.9656571354

## ജസ്റ്റിസ് ജെ. ബി. കോശിയെ

# അനുമോദിച്ചു



### കൂടാതെ ക്രൈസ്തവ സമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് നിവേദനം നൽകുവാനും യോഗം തീരുമാനിച്ചു

കൊച്ചി: ക്രൈസ്തവ വിഭാഗത്തിലെ പിന്നോക്കക്കാർക്കും പരിവർത്തിത ക്രൈസ്തവർക്കും പി.എസ്.സി നിയമനങ്ങളിൽ കുടുതൽ സംവരണം എർപ്പെടുത്തുക, ക്രൈസ്തവ വിഭാഗങ്ങളക്കമുള്ളവർക്ക് പ്രത്യേകിച്ച് തീരദേശങ്ങളിൽ താമസിക്കുന്ന ക്രൈസ്തവരുടെ പുനരധിവാസത്തിന് കൂടുതൽ പാക്കേജ് തുടങ്ങിയ ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ച ജസ്റ്റിസ് ജെ. ബി.കോശി വിവിധ ക്രൈസ്തവ സഭകളുടെ അത്മായരുടെ ഐക്യ വേദിയായ ആൾ ക്രിസ്ത്യൻ കമ്മ്യൂണിറ്റി അസോസിയേഷൻ ഭാര വാഹികൾ കൊച്ചിയിലെ തന്റെ വസതിയിൽ ചെന്ന് അനുമോദിച്ചു. എ സി സി എ പ്രസിഡന്റ് ബാബു കെ വർഗീസ്, എറണാകുളം, ജനറൽ സെക്രട്ടറി ബേബി മുല്ലമംഗലം, പാലക്കാട്, ഓർഗനൈസിംഗ് ജനറൽ സെക്രട്ടറി ഡോ. സാജൻ സി ജേക്കബ്, തൃശൂർ, വൈസ് പ്രസിഡന്റ് :എബ്രഹാം ചക്കുങ്കൽ മലപ്പുറം, സെക്രട്ടറി ലില്ലിക്കുട്ടി ജേക്കബ് പത്തനംതിട്ട, എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. ACCA കമ്മിഷനു നൽകിയ15 ലധികം വിഷയങ്ങളിൽ80% വിഷയങ്ങളും ശുപാർശയിൽ ഉൾപ്പെട്ടിരന്നു എന്ന് ചർച്ചയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. കൊച്ചിയിൽ വെച്ച് നടന്ന വാർഷിക ജനറൽ ബോഡി യിലാണ് ബഹു കോശിയെ അനുമോദിക്കാൻ തീരുമാനമെടുത്തത്. കൂടാതെ ക്രൈസ്തവ സമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് നിവേദനം നൽകുവാനും യോഗം തീരുമാനിച്ചു.പുതിയ ഭാരവാഹികളായി പ്രസിഡന്റ് ബാബു കെ വർഗീസ്, എറണാകുളം, ജനറൽ സെക്രട്ടറി ബേബി മുല്ലമംഗലം, പാലക്കാട്, ഓർഗനൈസിംഗ് ജനറൽ സെക്രട്ടറി ഡോ. സാജൻ സി ജേക്കബ്, തൃശൂർ, ട്രഷറർ ബിജു ജോസഫ്, മലപ്പുറം എന്നിവരെയും വൈസ് പ്രസിഡന്റുമാരായി നോബിൾ ജോർജ്, തിരുവനന്തപുരം, മറ്റിൽഡ മൈക്കിൾഎറണാകുളം, എബ്രഹാം ചക്കുങ്കൽ മലപ്പുറം, സെക്രട്ടറിമാറായി ബാബു പോൾപാലക്കാട്, ലില്ലിക്കുട്ടി ജേക്കബ് പത്തനംതിട്ട, ആനി ജപരാജ് ഇടുക്കി, ഡോ. ജോസഫ് തോമസ് കണ്ണൂർ, ലീഗൽ ഡയറക്ടർ അഡ്വ. രഞ്ജി മത്തായി, കൊല്ലം, മീഡിയ ഡയറക്ടർ: ജോയ്സ് വി ജോർജ്ജ്( പത്തനംതിട്ട) ഫിനാൻസ് കോ ഓർഡിനേറ്റർ തോമസ് പല്ലൻ, തൃശൂർ, മിഷൻ കോ ഓർഡിനേറ്റർ സാമുവൽ പ്രക്കാനം( പത്തനംതിട്ട),മീഡിയ കോർഡിനേറ്ററായി ഡോ :ഡോൺ തോമസിനെയും (കോഴിക്കോട്) തെരഞ്ഞെടുത്തു.

ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.". Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

Remarriage

Remarriage,Born Again Syrian Christian Boy,31 yr/172 cm,BE.Mech, Pathanamthitta 9946847617

വധുവിനെ ആവശ്യമുണ്ട്

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

## നിത്യതയിൽ

# പാസ്റ്റർ ജോസഫ് ചാക്കോ നിത്യതയിൽ ചേർക്കപ്പെട്ടു



ഡാളസ്: പത്മോസ് ഇൻഡ്യാ മിനിസ്ട്രീസ് പ്രസിഡന്റ്, ചങ്ങനാശ്ശേരി തേലപുറത്ത് സിയോൻ ബംഗ്ലാവിൽ പാസ്റ്റർ ജോസഫ് ചാക്കോ (അനിയച്ചായൻ 89) ജൂൺ 16 നു വെളുപ്പിനു നിത്യതയിൽ ചേർക്കപ്പെട്ടു. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ സീനിയർ ബ്രാഞ്ച് മാനേജർ ആയി ഔദ്യോഗിക സ്ഥാനത്ത് നിന്നു വിരമിച്ച ശേഷം സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. ന്യൂ ഇൻഡ്യാ ദൈവസഭയുടെ പ്രാരംഭകാല പ്രവർത്തകനായിരുന്ന ഇദ്ദേഹം, സഭയുടെ ആദ്യത്തെ വൈസ് പ്രസിഡന്റ് പദവി അലങ്കരിച്ചിട്ടുണ്ട്. തുടർന്ന് തെക്കൻ മേഖല കേന്ദ്രമാക്കി തിരുവനന്തപുരം ആസ്ഥാനമായി ഹെബ്രോൻ പെന്തക്കോസ്തൽ ഫെലോഷിപ്പ് എന്ന സുവിശേഷ സംഘടന സ്ഥാപിച്ചു. കോട്ടയം മാമുണ്ടയിൽ പരേതയായ ലീലാമ്മ ജോസഫ് ആയിരുന്നു സഹധർമ്മിണി. ഭൗതിക സംസ്കാര ശുശ്രൂഷകൾ ജൂൺ 22 വ്യാഴാഴ്ച രാവിലെ 9 മണിക്ക് ചങ്ങനാശ്ശേരി സി.എസ്.ഐ. യൂത്ത് സെന്ററിൽ ആരംഭിക്കുകയും, അനന്തരം ഉച്ചയ്ക്ക് 12:30യോടെ ഭൗതിക ശരീരം ചങ്ങനാശ്ശേരി ചീരൻ ചിറ എ.ജി. സെമിത്തേരിയിൽ സംസ്കരിക്കും.

മക്കൾ: റവ. ഷിബു ജോസഫ് (ഡാളസ് പത്മോസ് മിനിസ്ട്രീസ്), പാസ്റ്റർ സാബു ജോസഫ് (ഡാളസ് കംഫർട്ട് ഫുൾ ഗോസ്പൽ ചർച്ച് ശുശ്രൂഷകൻ), സുനി ബെഞ്ചമിൻ ( അബുദാബി), മിനി റോയി (അബുദാബി), ഷൈനി ജഗൻ (കോട്ടയം).

മരുമക്കൾ എമിലി ജോസഫ്, ലിസി ജോസഫ്, ബെഞ്ചമിൻ സാമുവേൽ, അലക്സാണ്ടർ റോയി, ജഗൻ തോമസ്.

കൊച്ചുമക്കൾ സ്റ്റെഫി, ഷോൺ, ജോനഥൻ, ജെരമ്യ, അന്ന, സാമുവേൽ, കാരൾ, ഷാലേം, റേച്ചൽ, അബിയ, റിച്ചർഡ്.

ദു:ഖാർത്തരായ കുടുംബാംഗങ്ങൾക്ക് ക്രിസ്തീയ പ്രത്യാശയും, അനുശോചനങ്ങളും നേരുന്നു.

വാർത്ത -സാം മാത്യു ഡാളസ്



മാവേലിക്കര: കുറത്തികാട് മേനേത്ത് ബിജു ഗാർഡൻസിൽ പരേതനായ എം ടി തോമസിന്റെ ഭാര്യ കുഞ്ഞു കുഞ്ഞമ്മ തോമസ് (84) നിര്യാതയായി. സംസ്കാര ശുശ്രൂഷകൾ ജൂൺ 19 തിങ്കളാഴ്ച രാവിലെ 8:30 ന് ഭവനാങ്കണത്തിൽ ആരംഭിച്ച് 12:30 ന് കുറത്തികാട് സെമിത്തേരിയിൽ വെച്ച് ഉബറനാട് എ ജി സഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതായിരിക്കും.

മക്കൾ: അലക്സ്, ഷാജി, ബിജു.മരുമക്കൾ: ഡെൻസി, ജെസ്സി, ആശ.

## ബിപോർജോയ് രാജസ്ഥാനിലേയ്ക്ക്; ന്യൂനമർദമായി മാറും

ഗാന്ധിനഗർ:ഗുജറാത്തിൽ കനത്ത നാശം വിതച്ച ശേഷം ബിപോർജോയ് ചുഴലിക്കാറ്റ് രാജസ്ഥാനിലേക്ക് നീങ്ങുന്നു. രാജസ്ഥാനിലെ ജലോർ, ബാർമർ ജില്ലകളിലെ പല പ്രദേശങ്ങളിലും ബിപോർജോയിയുടെ സ്വാധീനം കനത്ത മഴയ്ക്ക് കാരണമായിട്ടുണ്ട്. ഇരുജില്ലകളിലും കാലാവസ്ഥ നിരീക്ഷണകേന്ദ്രം റെഡ് അലർട്ട് മുന്നറിയിപ്പ് നൽകി.

# ക്രൈസ്തവരുടെ നന്മ പ്രവർത്തികൾ അവഗണിക്കാനാവില്ല : മന്ത്രി കെ എൻ ബാലഗോപാൽ



ന്യൂയോർക്ക് : മതസ്വാതന്ത്ര്യത്തിനെതിരേയുള്ള നീക്കങ്ങളെ ഒറ്റക്കെട്ടായി ചെറുക്കണമെന്നും ന്യൂനപക്ഷ സംരക്ഷണം സർക്കാറിന്റെ കടമയാണെന്നും മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. ന്യൂയോർക്കിലെ വിവിധ മലയാളി ക്രൈസ്തവ വിഭാഗങ്ങൾ സംഘടിപ്പിച്ച സ്വീകരണ യോഗത്തിൽ മുഖ്യ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.


ലോങ് ഐലന്റിലെ ഗേറ്റ്‌വേ ക്രിസ്ത്യൻ സെന്ററിൽ നടന്ന യോഗത്തിൽ പാസ്റ്റർ ഡോ.സണ്ണി ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. അമേരിക്കയിലെ മലയാളി ക്രൈസ്തവർ കേരളത്തിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ചെയ്യുന്ന നന്മ പ്രവർത്തികളും വികസന കാര്യങ്ങളും ഒരിക്കലും അവഗണിക്കാനാകില്ലെന്നും മന്ത്രി പറഞ്ഞു. അമേരിക്കയിലെ രാഷ്ട്രീയ നേതാക്കളായ ന്യൂയോർക്ക് അസംബ്ലി അംഗം മിഖായേൽ സോളാജസ്, നാസാ കൗണ്ടി ലെജിസ്ലേറ്റർ കാരിയെ സോളാജസ് എന്നിവരും സന്നിഹിതരായിരുന്നു.

# യേശുവിൻ തൃപ്പാദത്തിൽ ഇരുപത്തിനാലാമത് പ്രാർത്ഥനാ സംഗമം നാളെ

### "യേശുവിൻ തൃപ്പാദത്തിൽ പ്രാർത്ഥനാ സംഗമം രണ്ട് വർഷം പൂർത്തിയാക്കുന്നു

അതിരുകളില്ലാത്ത ദൈവവചനത്തിലൂടെ ദൈവസ്നേഹം അതിരുകളില്ലാതെ തന്നെ എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ "യേശുവിൻ തൃപ്പാദത്തിൽ" ഇരുപത്തിനാലാമത് പ്രാർത്ഥനാ സംഗമം ജൂൺ 17 ശനിയാഴ്ച നാളെ ഇന്ത്യൻ സമയം രാത്രി 8.30ന് ഓൺലൈനിൽ നടക്കും. പാസ്റ്റർ ആൽബി തോമസ്, കുമ്പനാട് മുഖ്യ സന്ദേശം നൽകും.കൂടാതെ അനുഗ്രഹീതരായ മറ്റു ദൈവദാസൻമാരുടെ സന്ദേശങ്ങളും,ബ്രദർ.ഫിന്നി ശമുവേൽ &ടീം , ബ്രദർ രൂപേൻ ജോസഫ് ഈപ്പൻ &ടീം എന്നിവർ നയിക്കുന്ന ഗാനശുശ്രൂഷയും ഉണ്ടായിരിക്കും

# ലോകത്ത് സമാധാനത്തിന് ആഹ്വാനം ചെയ്ത് ഫ്രാൻസിസ് മാർപാപ്പ



ന്യൂയോർക്ക്: ലോകത്ത് സമാധാനത്തിന് ആഹ്വാനം ചെയ്ത് ഫ്രാൻസിസ് മാർപാപ്പ. മനുഷ്യ സാഹോദര്യത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ചർച്ച ചെയ്യുന്ന ഐക്യരാഷ്ട്ര സഭ രക്ഷാസമിതിയിലായിരുന്നു ആഹ്വാനം.

ഉദര ശസ്ത്രക്രിയയെ തുടർന്ന് മാർപാപ്പ ആശുപത്രിയിൽ കഴിയുകയാണ്. തുടർന്ന് യു.എൻ യോഗത്തിലേക്ക് മാർപാപ്പ പ്രസ്താവന അയക്കുകയാണ് ചെയ്തത്. മനുഷ്യരാശി സഹോദരൃത്തിന്റെ ക്ഷാമം നേരിടുകയാണെന്ന് അദ്ദേഹം പ്രസ്താവനയിൽ പറയുന്നു.

ആണവ യുദ്ധത്തെ കുറിച്ചുള്ള മുന്നറിയിപ്പ് മാർപാപ്പ പ്രസ്താവനയിലൂടെ അറിയിച്ചു. വത്തിക്കാനിലെ റിലേഷൻഷിപ്പ് സെക്രട്ടറി ആർച്ച് ബിഷപ്പ് പോൾ റിച്ചാർഡ് ഗാലഗെർ ആയിരുന്നു മാർപാപ്പയുടെ പ്രസ്താവന കൗൺസിലിൽ വായിച്ചത്. യുദ്ധങ്ങൾ വേണ്ടെന്ന് പറയാനുള്ള സമയമായിരിക്കുന്നെന്നും യുദ്ധമല്ല സമാധാനമാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

# കാനഡ സ്പിരിച്വൽ ഗ്രൂപ്പ് ക്യാമ്പ് : ഇൻപാക്റ്റ് 2023

ടൊറന്റൊ : കാനഡയിലെ പെന്തകോസ്ത് യുവജന കൂട്ടായ്മയായ കാനഡ സ്പിരിറ്റ്യൽ ഗ്രൂപ്പ് വാർഷിക ക്യാമ്പ് ഇമ്പാക്റ്റ് ജൂലൈ 28 മുതൽ 30 വരെ ടൊറന്റൊയിലെ ഒഷാവ കൺവെൻഷൻ സെന്ററിൽ നടക്കും. പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ പ്രിൻസ് തോമസ് റാന്നി തുടങ്ങിയവർ പ്രസംഗിക്കും. ഇമ്മനുവൽ കെ ബി, ഇമ്മാനുവൽ ഗൊള്ളാർ തുടങ്ങിയവർ ഗാനശുശ്രുഷക്ക് നേതൃത്വം നൽകും. തീമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്തിലുള്ള ' ടിം കിഡ്സ്' വി. ബി. സ് സെഷനുകൾ കുട്ടികൾക്കായ് നടക്കും.

ഗെയിംസ് സെഷൻസ്, ടാലെന്റ നൈറ്റ്, കൗൺസിലിംഗ് സെഷൻസ്, കരിയർ ഗൈഡൻസ് സെഷൻസ് തുടങ്ങി അനേകം വ്യത്യസ്ത പ്രോഗ്രാമുകൾ ഉണ്ടായിരിക്കും. ഞായറാഴ്ച കാനഡ സ്പിരിചൽ ഗ്രൂപ്പിലെ കൂട്ടായ്മകളുടെ സംയുകത ആരാധനയോടെ ക്യാമ്പ് സമാപിക്കും. രജിസ്ട്രേഷൻ ആരംഭിച്ചു. വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 905 516 2345

# ഐ.പി.സി വെമ്പായം സെന്റർ പി.വൈ.പി.എയ്ക്ക് പുതിയ നേതൃനിര




തിരുവനന്തപുരം: ഐ.പി.സി വെമ്പായം സെന്ററിൽ യുവജന സംഘടനായ പി.വൈ.പി.എയ്ക്ക് പുതിയ നേതൃത്വം. 2023 24 കാലയളവിലേയ്ക്കാണ് പുതിയ ഭാരവാഹികളെയാണ് തെരഞ്ഞെടുത്തത്. സുവി. ജോയി ചെങ്കൽ (പ്രസിഡന്റ്) സുവി. അനീഷ് കുമാർ (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഷൈജു വെള്ളനാട് (സെക്രട്ടറി), സുവി. ബിനു ജോൺ (ജോയിൻ സെക്രട്ടറി), സുവി. ജിത്തു റ്റി.വി.എം (ട്രഷറർ), മാത്യു വർഗീസ് (പബ്ലിസിറ്റി കൺവീനർ) എന്നിവരാണ് പുതുതായി തിരഞ്ഞെടുക്കപ്പെട്ടവർ.

# ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കണം: കെപിസിസി

- സുവിശേഷം അറിയിച്ചതിന് നൂറ് കണക്കിന് ക്രിസ്ത്യാനികളെ ഉത്തര പ്രദേശിലെ വിവിധ ജയിലുകളിൽ അടച്ചിരിക്കുന്നു.
- പെന്തക്കോസ്ത് സഭാ നേതാക്കളുടെ ഇടപെടലിനെ തുടർന്ന് സുധാകരൻ പ്രധാനമന്ത്രിക്ക് കത്തയച്ചു
- ജയിലിൽ കഴിയുന്ന പാസ്റ്റർ ജോസ് പാപ്പച്ചനേയും ഭാര്യ ഷീജയേയും പാസ്റ്റർ ജോസ് പ്രകാശിനേയും കെപിസിസി സംഘം സന്ദർശിച്ചു



തിരുവനന്തപുരം : ക്രൈസ്തവർക്കെതിരെ നടക്കുന്ന കടുത്ത പീഡനങ്ങൾ അവസാനിപ്പിക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കെപിസിസി പ്രസിഡൻറ് കെ സുധാകരൻ പ്രധാനമന്ത്രിക്ക് കത്തയച്ചു. യുപിയിലെ അംബേദ്കർ നഗർ, ഫത്തേപൂർ എന്നീ ജില്ല ജയിലുകളിൽ അടയ്ക്കപ്പെട്ട അഞ്ച് മലയാളി പാസ്റ്റർമാരിൽ പത്തനംതിട്ട സ്വദേശി പാസ്റ്റർ ജോസ് പാപ്പച്ചനേയും ഭാര്യ ഷീജയേയും തിരുവനന്തപുരം കൊടിക്കുന്നിൽ സ്വദേശി പാസ്റ്റർ ജോസ് പ്രകാശിനേയും സന്ദർശിച്ചാണ് കത്ത് തയ്യാറാക്കിയത്. വ്യാജക്കേസിൽ കുടുക്കി ജയിലിൽ അടയ്ക്കപ്പെട്ട ഇവർക്ക് മാസങ്ങളായി ജാമ്യം എടുക്കാനാകുന്നില്ല. മതപരിവർത്തനവും മറ്റ് അനുബന്ധ കുറ്റങ്ങളും ചുമത്തി മലയാളികൾ ഉൾപ്പടെ നൂറ് കണക്കിന് ആളുകളെ യുപിയിലെ ജയിലുകളിൽ അടച്ചിരിക്കുകയാണ്. യുപിയിലെ വിവിധ പ്രദേശങ്ങളിൽ സാമൂഹ്യ സേവനവും പ്രേക്ഷിത പ്രവർത്തനവും നടത്തി വർഷങ്ങളായി താമസിക്കുന്നവരാണിവർ. ക്രൈസ്തവ വേട്ടയെ കുറിച്ച് പഠിക്കാൻ കെപിസിസി നിയോഗിച്ച പത്തനംതിട്ട ഡിസിസി വൈസ് പ്രസിഡൻറ് അഡ്വ. അനിൽ തോമസും ചർച്ചകളിൽ പങ്കെടുത്തു.

ക്രൈസ്തവരുടെ സ്ഥാപനങ്ങൾ, പള്ളികൾ, സ്കൂളുകൾ എന്നിവയ്ക്ക് നേരെ ആക്രമണങ്ങൾ ഉണ്ടാവുകയും അടച്ചുപൂട്ടൽ ഭീഷണി നേരിടുകയും ചെയ്യുന്നു. മതപ[illegible] [illegible]രോധന നിയമം ദുരുപയോഗം ചെ[illegible]ിവാർ നേതാക്കൾ നൽകിയ പരാ[illegible]ർക്കെതിരെ കേസെടുത്തത്. മതപരിവർത്തനം നടത്തിയ വ്യക്തിയോ അദ്ദേഹത്തിൻറെ അടുത്ത ബന്ധുക്കളോ പരാതിപ്പെട്ടാൽ മാത്രമേ നടപടി പാടുള്ളൂവെന്ന വ്യവസ്ഥയുണ്ട്. ഇത് ലംഘിച്ചാണ് ഈ നീക്കം. 2022 ജൂലൈ മുതൽ വിവിധ ജയിലുകളിൽ കഴിയുന്ന പാസ്റ്റർമാരുടെ ജാമ്യാപേക്ഷകൾ തീർപ്പാകാതെ ലഖ്നൗ ബഞ്ചിൽ കിടക്കുകയാണ്. ഉത്തർപ്രദേശിൽ മലയാളികളായ പാസ്റ്റർമാരേയും കുടുംബാംഗങ്ങളേയും വ്യാജ മതപരിവർത്തന കേസുകളിൽ കുടുക്കി മാസങ്ങളായി ജയിലിലടച്ചിരിക്കുന്ന വിഷയത്തിൽ കെപിസിസി ഇടപെടണമെന്ന് പെന്തകോസ്ത് സംഘടനകൾ അഭ്യർഥിച്ചിരുന്നു. തുർന്നാണ് കെപിസിസി വസ്തുതകൾ പഠിക്കാൻ തീരുമാനിച്ചത്. ജയിലിൽ കഴിയുന്നവർക്ക് ആവശ്യമായ സഹായവും അവരുടെ കുടുംബങ്ങൾക്ക് സംരക്ഷണവും ഉറപ്പാക്കാൻ അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റിയോട് കെപിസിസി ആവശ്യപ്പെട്ടു. ജയിലിൽ കഴിയുന്ന നിരപരാധികളുടെ മോചനത്തിന് ആവശ്യമായ നിയമസഹായം ഉൾപ്പടെയുള്ള കാര്യങ്ങളിൽ കെപിസിസി പിന്തുണ നൽകുമെന്നും സുധാകരൻ അറിയിച്ചു.

സമാധാനപരമായി ജീവിച്ച മണിപ്പൂർ ജനസമൂഹം അശാന്തിയിലേക്ക് നിലംപതിച്ചെന്നും കെപിസിസി അധ്യക്ഷൻ കെ സുധാകരൻ പറഞ്ഞു. ബിജെപി പിടിമുറുക്കിയതോടെയാണ് അശാന്തി പടർന്നത്. കേരളത്തിലേക്ക് ബിജെപി കടന്നുവന്നാൽ അത് മണിപ്പൂരിലേതിന് സമാനമായ വലിയ ദുരന്തത്തിന് വഴിയൊരുക്കും. 25 വർഷം കൊണ്ട് മണിപ്പൂർ വലിയ വികസനം നേടുമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രഖ്യാപനം ജലരേഖയായി മാറിയെന്നും സുധാകരൻ വാർത്ത കുറിപ്പിൽ വ്യക്തമാക്കി. ആക്രമണങ്ങൾ നടക്കുന്നത് പൊലീസിൻറേയും ബിജെപി ഭരണകൂടത്തിൻറേയും പിന്തുണയോടെയാണ് സുധാകരൻ വാർത്താക്കുറിപ്പിൽ കുറ്റപ്പെടുത്തി.

## പിസിഎൻഎകെ ആത്മീയ മഹാസമ്മേളനം ജൂൺ 29 മുതൽ ജൂലൈ 2 വരെ



പെൻസിൽവേനിയ: നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്ത് വിശ്വാസികളുടെ ഏറ്റവും വലിയ ആത്മീയ സമ്മേളനത്തിന് പെൻസിൽവേനിയ ലങ്കാസ്റ്റർ കൗണ്ടി ഒരുങ്ങി.
38-ാമത് കോൺഫറൻസ് ജൂൺ 29 മുതൽ ജൂലൈ 2 വരെ ലങ്കാസ്റ്റർ കൗണ്ടി കൺവൻഷൻ സെൻററിൽ നടക്കും.
നാലു പതിറ്റാണ്ട് കാലത്തെ പിസിനക്ക് ചരിത്രത്തിലെ ജനപങ്കാളിത്വം കൊണ്ടും ആത്മീയ അനുഗ്രഹംകൊണ്ടും ശ്രദ്ധേയമയ കോൺഫറൻസായിരുന്നു 2003 ൽ പെൻസിൽവേനിയായിൽ നടന്നത്. കത്തോലിക്ക സഭയുടെ കടന്നുകയറ്റത്തിൽ തങ്ങളുടെ ഉപദേശത്തനിമയും ജീവിതചര്യയും കാത്തുസുക്ഷിക്കാൻ യൂറോപ്പിൽ നിന്ന് കുടിയേറിയവരുടെ പിൻതലമുറക്കാരായ അമിഷ് ജനത അധിവസിക്കുന്ന ലങ്കാസ്റ്റർ കൗണ്ടിയിൽ നടക്കുന്ന കോൺഫറൻസ് പ്രാർത്ഥനാപൂർവം മികച്ച ക്രമീകരണങ്ങളാണ് സംഘാടക സമിതി ചെയ്തുവരുന്നത്.

കുട്ടികൾക്കായുള്ള പ്രത്യേക പ്രോഗ്രാമുകൾ, സ്പോർട്സ് മത്സരങ്ങൾ, സിമ്പോസിയം, മിഷൻ ചലഞ്ച്, സെമിനാറുകൾ, യുവജനസമ്മേളനം,സഹോദരി സമ്മേളനം, ഹെൽത്ത് സെമിനാർ, പൊതുയോഗം, ഉണർവ്വ് യോഗം തുടങ്ങി പ്രത്യേക സെക്ഷനുകൾ ഈ നാലുദിനങ്ങളിൽ നടക്കും.

ഫിലഡൽഫിയ, ഹാരിസ്ബർഗ് വിമാനത്താവളങ്ങളിൽ നിന്ന് വാഹന ഗതാഗത സൗകര്യങ്ങൾ ക്രമീകരണം ചെയ്തിട്ടുണ്ട്. ഫിലഡൽഫിയയിൽ നിന്നുള്ള ദൂരം ഏകദേശം രണ്ട് മണിക്കൂറും ഹാരിസ്ബർഗ് വിമാനത്താവളത്തിൽ നിന്ന് മുപ്പത് മിനിറ്റുമാണ്. വാഹന ഗതാഗത സകര്യം ആവശ്യമുള്ളവർ നിങ്ങളുടെ എത്തിച്ചേരൽ, മടങ്ങി പുറപ്പെടൽ സമയം മുൻകൂട്ടി അറിയിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 267434 2006 എന്ന നമ്പരിൽ ബദ്ധപ്പെടാവുന്നതാണ്.

മുഖ്യ പ്രാസംഗികരായ റവ. സാമുവേൽ റോഡ്രിഗീസ്, റവ. ജോഷ് ഹേറിംഗ്, റവ. എറിക്ക് പീട്രി, റവ. സാം മാത്യു, റവ. കെ.ജെ. തോമസ് കൂടാതെ ഭാരതത്തിൻറെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിവിധ രാജ്യങ്ങളിൽ നിന്നുമായി എത്തിച്ചേരുന്ന കർത്തൃദാസന്മാർ പ്രസംഗിക്കും.

പി.സി.എൻ.എ.കെ 2023 ദേശീയ ഭാരവാഹികളായ പാസ്റ്റർ റോബി മാത്യു (കൺവീനർ), ബ്രദർ സാമുവേൽ യോഹന്നാൻ (സെക്രട്ടറി), ബ്രദർ വിൽസൻ തരകൻ (ട്രഷറർ), ബ്രദർ ഫിന്നി ഫിലിപ്പ് (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ സോഫി വർഗീസ് (ലേഡീസ് കോർഡിനേറ്റർ), രാജൻ ആര്യപ്പള്ളി മീഡിയാ കോർഡിനേറ്റർ എന്നിവരോടൊപ്പം നാഷണൽ, ലോക്കൽ കമ്മിറ്റികൾ കോൺഫറൻസിൻറെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചു വരുന്നു.
'എന്നിൽ വസിപ്പിൻ' (യോഹന്നാൻ 15:4) എന്നതാണ് ചിന്താവിഷയം.

## മണിപ്പൂരിൽ ആക്രമിക്കപ്പെടുന്നത് ക്രിസ്ത്യൻ സ്ഥാപനങ്ങൾ: ഹൈബി ഈഡൻ

ഇംഫാൽ: മണിപ്പൂരിലെ സംഘർഷ ബാധിത പ്രദേശങ്ങളും ക്യാമ്പുകളും നേരിട്ട് സന്ദർശിച്ച് മലയാളി എം.പിമാരായ ഹൈബി ഈഡനും ഡീൻ കുര്യാക്കോസും. മണിപ്പൂരിൽ നടക്കുന്നത് സർക്കാർ അനുമതിയോടെയുള്ള ആസൂത്രിത ആക്രമണങ്ങളാണെന്നും, ഇത് രണ്ട് ഗോത്രവിഭാഗങ്ങൾ തമ്മിലുള്ള സംഘട്ടനമാണെന്ന് വരുത്തിതീർക്കാനാണ് ബി.ജെ.പിയുടെ കേന്ദ്രസംസ്ഥാന സർക്കാരുകൾ ശ്രമിക്കുന്നതെന്നും ഇരുവരും പറഞ്ഞു.

മണിപ്പൂരിൽ രണ്ട് വിഭാഗങ്ങളിലുമുള്ള ക്രിസ്ത്യൻ സ്ഥാപനങ്ങളാണ് ആക്രമിക്കപ്പെടുന്നത് എന്നതാണ് കലാപങ്ങളുടെ പ്രത്യേകതയെന്ന് ഹൈബി ഈഡൻ എം.പി പറഞ്ഞു. ഗ്രാമങ്ങൾ അപ്പാടെ കത്തിക്കുന്ന സാഹചര്യമുണ്ട്. പക്ഷെ, നഗരമേഖലയിൽ ക്രിസ്ത്യൻ സ്ഥാപനങ്ങൾ മാത്രം അക്രമിക്കപ്പെടുകയാണ്. മണിപ്പൂരിലെ പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നത് ക്രിസ്ത്യൻ വിഭാഗമാണ്. ധാരാളം ചർച്ചുകളും അനുബന്ധ സ്ഥാപനങ്ങളുമുണ്ട്. ഇവയ്ക്കെതിരെ ആസൂത്രിത ആക്രമണമാണ് നടക്കുന്നത്.

മലയാളി സിസ്റ്റർമാർ നടത്തുന്ന സെൻ്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിലൊക്കെ സായുധസേന ക്യാമ്പ് ചെയ്യുന്നുണ്ട്. അവരെ സംരക്ഷിക്കാൻ മറ്റു മാർഗങ്ങളില്ല. എന്നിട്ട് പോലും സ്ത്രീകളുടെ ഉൾപ്പെടെ നേതൃത്വത്തിൽ രാത്രി വന്ന് കല്ലെറിയുകയും ആക്രമിക്കുകയും ചെയ്യുന്ന അവസ്ഥയാണ്. ബി.ജെ.പിയുടെ തന്നെ ഇരു വിഭാഗങ്ങളിലുമുള്ള ക്രിസ്ത്യൻ എം.എൽ.എമാരോട് ഞങ്ങൾ സംസാരിച്ചിരുന്നു. അവർ പോലും വലിയ ഭയപ്പാടിലാണ്,' ഹൈബി ഈഡൻ എം.പി പറഞ്ഞു.

മെയ്തി വിഭാഗവും കുക്കി വിഭാഗവും തമ്മിലുള്ള സംഘർഷം മണിപ്പൂരിൽ നേരത്തേ ഉള്ളതാണെന്നും ഇപ്പോൾ അതിൽ സംസ്ഥാന സർക്കാരിന്റെ കൃത്യമായ ഇടപെടലുകൾ ഉണ്ടെന്നും ഹൈബി കൂട്ടിച്ചേർത്തു. 'ആഭ്യന്തര മന്ത്രി അമിത് ഷാ നേരിട്ടുവന്നിട്ടും കേന്ദ്രസേനകളെ വരെ വിന്യസിച്ചിട്ടും 4045 ദിവസമായി തുടരുന്ന കലാപം നിയന്ത്രണത്തിലാക്കാൻ സാധിച്ചിട്ടില്ല. സന്നദ്ധസംഘടനകൾക്ക് സഹായം റോഡുമാർഗം എത്തിക്കാനാകാത്ത സാഹചര്യമാണ്.'വീടും സ്വത്തും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് ഭക്ഷണവും മരുന്നും പോലും ലഭിക്കുന്നില്ല. ഡിജിറ്റൽ ഇന്ത്യയിൽ മണിപ്പൂരുകാർക്ക് ഇന്റർനെറ്റ് നഷ്ടപ്പെട്ടിട്ട് ആഴ്ചകളായി. അവിടെ നടക്കുന്നതെന്താണെന്ന് പുറംലോകം അറിയുന്നില്ല. അവർക്ക് പണം കൈമാറ്റം ചെയ്യാൻ പോലും സാധിക്കുന്നില്ല. നഷ്ടപരിഹാരം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ ഒന്നും പറയുന്നുമില്ല. ക്യാമ്പുകളിലുള്ളവർ ജീവിതം എങ്ങനെ മുന്നോട്ട് കൊണ്ടുപോകുമെന്ന് അറിയാതെ തീർത്തും അനിശ്ചിതാവസ്ഥയിലാണ്, ഹൈബി ഈഡൻ എം.പി പറഞ്ഞു.

CNL7 MEDIA
Vol 2. Issue. 134
CHRISTIANLIVE DAILY
16
Thuresday
Pages 5
503

